2. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉത്തരവാദിത്വം നിക്ഷിപ്തമാക്കിക്കൊണ്ട് കാര്യക്ഷമമായ ഭരണപരവും ധനകാര്യപരവുമായ നിയന്ത്രണത്തിന് ഊന്നൽ നൽകി വ്യവസ്ഥ ചെയ്യുക;

3. സർവ്വകലാശാലകളിലെ ശിക്ഷണവും പരീക്ഷകളും പരീക്ഷകളുടെ ഫലപ്രഖ്യാപനവും തക്കസമയത്ത് നടത്തുന്നതിനായി ഒരു അക്കാദമിക് കലണ്ടർ തയ്യാറാക്കണം എന്നുള്ളത് ഓരോ സർവ്വകലാശാലയുടേയും നിർബന്ധ ചുമതലയാക്കിക്കൊണ്ട് വ്യവസ്ഥ ചെയ്യുക;

4. അക്കാദമിക് സമൂഹത്തിന് കൂടുതൽ പങ്കാളിത്തവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണവും നൽകുന്നതിനും യു.ജി.സി. നിർദ്ദേശിക്കപ്പെട്ട 'മാനേജ്മെന്റ് മോഡൽസ്' പ്രയോജനപ്പെടുത്തി സർവ്വകലാശാലകളെ കൂടുതൽ ഫലപ്രദമായി പ്രവർത്തനം നടത്തുന്നതിനും കൂടുതൽ കാര്യശേഷിയുള്ള ഭരണം വ്യവസ്ഥ ചെയ്യുന്നതിനും കഴിവുണ്ടാക്കുക;

5. സർവ്വകലാശാലകളിൽ നിന്നും പ്രീഡിഗ്രി വിദ്യാഭ്യാസം വേർപ്പെടുത്തുന്നതു വഴി ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിനു വേണ്ടി ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് ഒരു ബോർഡ് ഏർപ്പെടുത്തുക.

ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ ബിൽ തയ്യാറാക്കിയെങ്കിലും അത് പിന്നീട് അസംബ്ലിയിൽ അവതരിപ്പിക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല.

(സി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി-എഫ്) യൂണിവേഴ്സിറ്റികളുടെ സാമ്പത്തിക കാര്യങ്ങളിലും സിൻഡിക്കേറ്റ്, സെനറ്റ് എന്നിവയുടെ അധികാരങ്ങളിലും അവയുടെ ഘടനയിലും മാറ്റം വരുത്തണമെന്ന് പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. ഏകീകൃത സർവകലാശാല ബില്ലിൽ യൂണിവേഴ്സിറ്റികളുടെ സാമ്പത്തികമായ കാര്യങ്ങൾ സെക്ഷൻ 44 മുതൽ 47 വരെയും സിൻഡിക്കേറ്റ്, സെനറ്റ് എന്നിവയുടെ അധികാരങ്ങൾ സെക്ഷൻ 15, സെക്ഷൻ 20 എന്നിവയിലും സിൻഡിക്കേറ്റ്, സെനറ്റ് എന്നിവയുടെ ഘടന സെക്ഷൻ 13, സെക്ഷൻ 18 എന്നിവയിലും പ്രതിപാദിച്ചിട്ടുണ്ട്.

(ജി) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഏകജാലക സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി

18 (*108) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വ്യവസായ രംഗത്ത് നടപ്പാക്കിയ 'ഏകജാലക' സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രകണ്ട് കൈവരിക്കാനായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വ്യവസായ സംരംഭകർക്ക് പ്രസ്തുത സംവിധാനത്തിലൂടെ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഏകജാലക സംവിധാനം കാര്യക്ഷമമാക്കാൻ നിയമനിർമ്മാണം ആവശ്യമായി വരുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ വ്യവസായവൽക്കരണം ത്വരിതപ്പെടുത്താൻ 'ഏകജാലക' സംവിധാനം വ്യാപകമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ & ബി) ഉണ്ട്. ജില്ലകളിൽ നിന്നും അതാത് വ്യവസായ ഏകജാലക അനുമതിദായക ബോർഡിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ആഴ്ചതോറും ലഭിച്ചു വരുന്നുണ്ട്. ഇതിനായി പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്. കാലതാമസം നേരിടുന്നവയ്ക്കായി വേണ്ട നടപടി സ്വീകരിച്ച് ത്വരിതഗതിയിൽ ലൈസൻസുകൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ഏർപ്പാടാക്കിക്കൊടുക്കുവാൻ വേണ്ട നടപടി എടുത്തു വരുന്നു. ഈ സംവിധാനത്തിൻ കീഴിൽ എന്തെങ്കിലും വീഴ്ച കണ്ടെത്തുന്ന പക്ഷം അത് സുഗമമാക്കി തീർക്കുവാനും മറ്റുമായി കൂടുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനതല ബോർഡിൽ ലഭിച്ച അപേക്ഷകളൊക്കെയും വളരെ വേഗം പരിഗണിക്കുകയും ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്.

(സി) ഈ സംവിധാനത്തിലൂടെ നിരവധി വ്യവസായികൾ വ്യവസായം ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട ലൈസൻസുകൾക്കായി സമർപ്പിച്ച അപേക്ഷകളിൽ വളരെവേഗം തീരുമാനം എടുക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നിലവിലുള്ള നിയമം മതിയാകുന്നതാണ്.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ട്. കേരളത്തിലെ എല്ലാ വ്യവസായ സംരംഭകർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനായി ജില്ലാതല ബോർഡുകളും സംസ്ഥാനതല ബോർഡുകളും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏതിയാ ബോർഡുകൾ രൂപികരിച്ചു വരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി

19 (*109) ശ്രീ. സു. എസ്. ശശി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിനൂലിന്റെ വില കുത്തനെ ഉയർന്നതിനെ തുടർന്ന് പരമ്പരാഗത കൈത്തറി മേഖലയിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരമ്പരാഗത കൈത്തറി മേഖലയ്ക്ക് ആവശ്യമായ കഴിനൂൽ എത്തിച്ചു കൊടുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ മേഖലയിലുള്ള നൂൽനിർമ്മാണ ഫാക്ടറികൾ പുനരുദ്ധരിച്ച് ആവശ്യമായ നൂൽ ഉല്പാദിപ്പിക്കുക, ഹാൻടെക്സ്, ഹാൻവീവ് സഹകരണ യാൺ ബാങ്കുകൾ എന്നിവ മുഖേന വാങ്ങുന്ന കഴിനൂലിന് സബ്സിഡി അനുവദിക്കുക. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഹാൻഡ്ലൂം ഡവലപ്പമെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന മിൽഗേറ്റ് പദ്ധതി പ്രകാരം ലഭിക്കുന്ന കഴിനൂൽ മില്ലിലെ വില്പന വിലയിൽ ശേഖരിച്ച് വില വർദ്ധനവില്ലാതെ ഗതാഗത ചെലവു വഹിച്ചുകൊണ്ട് വിതരണം ചെയ്യുക എന്നീ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

കൈത്തറി വ്യവസായത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ

20 (*110) ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ നിയന്ത്രിത വിലയ്ക്ക് നെയ്ത്തുകാർക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly